(സി) 16-10-1957-ൽ കിട്ടിയ അപേക്ഷയ്ക്കു ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥന്മാരും ശുപാർശ ചെയ്യാതിരുന്നതുകൊണ്ടു് തള്ളിക്കളയുകയും, 9-11-1957-ൽ കിട്ടിയ അപേക്ഷ, അപേക്ഷകർതന്നെ പിൻവലിക്കുകയും ചെയ്തു.

(ഡി) അവ 27-11-1958-ൽ ആണു് അപേക്ഷിച്ചതു്. അവ രണ്ടും 23-12-1958-ൽ രജിസ്റ്റർ ചെയ്തുകൊടുത്തു. അവയ്ക്കു് 2,000 രൂപാവീതം ലോണായി കൊടുത്തിട്ടുണ്ടു്. ഗ്രാൻറ് കൊടുക്കുന്ന കാര്യം ഗവണ്മെൻറിൻറെ പരിഗണനയിലിരിക്കുകയാണു്.

Working hours of Schools.

* 1821 [35] **Shri K. Hassan Gani**: Will the Minister for Education be pleased to state:—

Whether there is any proposal to change the working hours of schools to avoid work in the mid-day.

Minister for Education (**Shri Joseph Mundassery**):

There is no proposal at present to change the existing working hours of schools. On Fridays there is a two hours interval in view of the special requirement of the Muslim children.

UNSTARRED QUESTIONS AND ANSWERS.

അറബി ടെക്സ്റ്റുപുസ്തകങ്ങൾ.

399. [20] ശ്രീ. കെ. അവുക്കാദർകുട്ടിനഹ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അറബി ഒസക്കൻഡറിസ്കൂളുകളിലേക്കുള്ള അറബി ടെക്സ്റ്റുപുസ്തകങ്ങൾ ഗവണ്മെൻറു് നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ ഏവ;

(ബി) 1960-ൽ എസ്. എസ്. എൽ. സി. പരീക്ഷയ്ക്കുവേണ്ടി പഠിക്കുന്ന അറബിക് സെക്കൻഡറി സ്കൂളുകളിലെ വിദ്യാർത്ഥികൾ ഏതു് അറബി പുസ്തകമാണു് പഠിക്കേണ്ടതു്;

(സി) 15-6-1959-ൽ സ്കൂൾ തുറക്കുന്നതിനുമുമ്പു് നിശ്ചയിച്ച പുസ്തകങ്ങളുടെ ലിസ്റ്റു് അറബി സ്കൂളുകളെ അറിയിക്കാൻ മയവുണ്ടാകുമോ?

ഉത്തരം

(എ) ഉണ്ടു്. അറബിക് റീഡർ VIII മുതൽ X വരെ.

(ബി) അറബിക് റീഡർ X

(സി) ലിസ്റ്റു് സ്കൂൾ തുറക്കുന്നതിനുമുമ്പു് അറബി സ്കൂളുകളെ അറിയിക്കുന്നതാണു്.

LIBRARY ARCHIVES Kerala Legislative Assembly